# കേരളസർവകലാശാല

നം.പി.ആർ.133/2021

# പത്രക്കുറിപ്പ്

## സ്പെഷ്യൽ പരീക്ഷ

കോവിഡ് -19 കാരണം ഫെബ്രുവരി 2021 ലെ അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ ബി.കോം സി.ബി.സി.എസ്.എസ്/ സി.ആർ എന്നീ പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യ വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം ജൂലൈ 14 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

## പ്രാക്ടിക്കൽ/ പ്രോജക്ട് വൈവ

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എസ്.സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 14 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം (2018 അഡ്മിഷൻ റെഗുലർ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) മാർച്ച് 2021 പരീക്ഷയുടെ പ്രോജക്ട് വൈവ ജൂലൈ 13 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന അഞ്ചും ആറും സെമസ്റ്റർ ( 2018 അഡ്മിഷൻ റെഗുലർ & 2017 അഡ്മിഷൻ സപ്ലിമെന്ററി) ബി.എ ഡിഗ്രി പരീക്ഷകൾ ജൂലൈ 15 ന് ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2021 ഓഗസ്റ്റ് 2 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ (യു.ഐ.എം/ ട്രാവൽ ആൻഡ് ടൂറിസം/ റെഗുലർ ഈവനിംഗ്)( 2018 സ്കീം – റെഗുലർ & സപ്ലിമെന്ററി, 2014 സ്കീം– 2016 അഡ്മിഷൻ & 2017 അഡ്മിഷൻ സപ്ലിമെന്ററി, 2014 സ്കീം – 2014 അഡ്മിഷൻ മാത്രം – മേഴ്സി ചാൻസ്) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂലൈ 15 വരെയും, 150 രൂപ പിഴയോടുകൂടി ജൂലൈ 21 വരെയും, 400 രൂപ പിഴയോടുകൂടി ജൂലൈ 23 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാ ഫലം

കേരളസർവകലാശാല 2020 മാർച്ച് മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എം.എസ് ഹോട്ടൽ മാനേജ്മെൻറ് (2017 അഡ്മിഷൻ – റെഗുലർ) കോഴ്സ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഒക്ടോബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ് (2018 സ്കീം റെഗുലർ & സപ്ലിമെന്ററി, 2015 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

**തിരുവനന്തപുരം,**
**08.07.2021**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**